പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1105 — 13/06/2013 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്; ഇനി എത്ര വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർ-വൽക്കരിക്കുവാൻ ബാക്കിയുണ്ട്; | (എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർ വത്ക്കരണം പ്രധാനമായും രണ്ട് പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി (നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം) പദ്ധതി പ്രകാരം വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവത്ക്കരണവും, ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം, വില്ലേജുകളിൽ നിന്നും നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ വിതരണവുമാണ് നടന്നു വരുന്നത്. ഈ രണ്ട് പദ്ധതികളും വഴി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) വില്ലേജ് രേഖകൾ കമ്പ്യൂട്ടർ-വൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഭൂമിയുടെ കരം അടയ്ക്കുന്നതിന് കമ്പ്യൂട്ടർ സംവിധാനം പ്രയോജനപ്പെടുത്തുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി (നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം) പദ്ധതി പ്രകാരം വില്ലേജുകളിലെ റിക്കാർഡുകളുടെ കമ്പ്യൂട്ടർ വത്ക്കരണമാണ് നടന്നുവരുന്നത്. 'ഓൺലൈൻ പെയ്മെന്റ് ഗേറ്റ് വേ' എന്ന പദ്ധതി പ്രകാരം ബാങ്കുകളുടെ സഹായത്തോടെ ഭൂമിയുടെ കരം അടയ്ക്കുന്നതിന് വേണ്ടിയുള്ള പദ്ധതി പുരോഗമിച്ചുവരുന്നു. |
| (സി) സംസ്ഥാനത്ത് ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ വില്ലേജ് റെക്കോഡിലും വേണ്ട മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; പോക്കുവരവു ചെയ്യുന്നതിനുള്ള കാലാവധി ഒരു മാസം എന്നത് രണ്ടാഴ്ചയായി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര |

പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ, ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഓൺലൈൻ ആയി പോക്കുവരവ് ചെയ്യുമ്പോൾത്തന്നെ റിക്കാർഡുകളിൽ ആവശ്യമായ മാറ്റം ഓട്ടോമാറ്റിക് ആയി നടക്കുന്നതാണ്. പോക്കുവരവിനുള്ള കാലതാമസം ഇല്ലാതാകുന്നതുമാണ്.

സെക്ഷൻ ഓഫീസർ